## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1205 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ജലാശയങ്ങളുടെ മലിനീകരണം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് കുളങ്ങൾ, ചെറുതോടുകൾ, നദികൾ എന്നിവയിലും അവയുടെ സമീപത്തും വാഹനങ്ങൾ കഴുകുന്നതും, കന്നുകാലികളെയും മറ്റ് വളർത്തുമൃഗങ്ങളെയും കുളിപ്പിക്കുന്നതും മൂലം അവ മലിനമാക്കപ്പെടുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഉണ്ട്.<br>മാലിന്യ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തുകളുടേയും, നഗരസഭകളുടേയും, കോർപ്പറേഷനുകളുടേയും അനിവാര്യ ചുമതലയാണ്. ബന്ധപ്പെട്ട നിയമങ്ങളിലെ നിരോധന വ്യവസ്ഥകൾ പ്രകാരം, ജലാശയങ്ങൾ മലിനപ്പെടുത്തുന്ന വർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം പ്രത്യേക നടപടിയായി കണക്കാക്കി കായലിൽ കുളിക്കുന്നതും, വസ്ത്രം അലക്കുന്നതും, വാഹനം കഴുകുന്നതും, മൃഗങ്ങളെ കുളിപ്പിക്കുന്നതും, ഹോട്ടലുകൾ, വ്യവസായശാലകൾ, വാണിജ്യസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും ഓടകളിലൂടെയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ കായലി ലേക്ക് പാഴ്ജലം ഒഴുക്കുന്നതും, തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ മണൽ, കളിമണ്ണ്, മണ്ണ് എന്നിവ യുടെ ഖനനം മുതലായ പ്രവൃത്തികൾ നിരോധിച്ചുകൊണ്ടും 09.06.2010-ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജലാശയങ്ങൾ മലിനമാക്കപ്പെടാതിരിക്കു വാൻ നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974-ലെ വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിട ങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെ യുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഓടകളുടെയും ജലാശയങ്ങളുടേയും ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതുപ്രകാരം മലിനജലം ഒഴുക്കി വിടുന്നതിന് ശാസ്ത്രീയമായി രൂപകൽപന ചെയ്ത സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണെന്നും ഒരു വിധത്തിലുള്ള ഖരമാലിന്യവും മലിനജലവും നീർച്ചാലുകളിലൂടെ ഒഴുകിവരുന്നില്ലായെന്ന് പ്രാദേശിക ഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണമെന്നും അങ്ങനെ പുറത്തുവരുന്നുണ്ടെങ്കിൽ മലിനജലം പുറത്തേയ്ക്ക് വരുന്ന മാർഗ്ഗങ്ങൾ അടയ്ക്കേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മലിനജലം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പ്രത്യേക പ്രൊപ്പോസലുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കേരള വാട്ടർ അതോറിറ്റിയും തയ്യാറാക്കേണ്ടതും ഘട്ടംഘട്ടമായി ആയത് നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ